പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3115 | 13.03.2018-ൽ മറുപടിയ്ക്ക്

## റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | ശ്രീ. എ . കെ . ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെ ഏജന്റുമാരുടെ സ്വാധീനത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കുടുംബശ്രീയുമായി ചേർന്ന് എല്ലാ ഓഫീസുകളിലും ഇ-സേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ ഓൺലൈൻ സേവനങ്ങളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഗതാഗത വകുപ്പിന്റെ സേവനങ്ങളെല്ലാം പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്രീകൃത സംവിധാനത്തിലുള്ള വാഹൻ-സാരഥി സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഘട്ടംഘട്ടമായി പുരോഗമിക്കുന്നു. ഇതിന്റെ ആദ്യപടിയായി ലൈസൻസ് അധിഷ്ഠിത സേവനങ്ങൾ സാരഥി വഴി പരീക്ഷണരീതിയിൽ (ലേണേഴ്സ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ്) മൂന്ന് ഓഫീസുകളിൽ - റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ദേശസാൽകൃതവിഭാഗം, തിരുവനന്തപുരം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആലപ്പുഴ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കരുനാഗപ്പള്ളി എന്നീവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ (എൻ.എസ്) ബാക്കി ലൈസൻസ് സേവനങ്ങളും ഉടൻ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ വാഹൻ-സാരഥി സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയറിൽ ഉള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുന്ന വെബ് അധിഷ്ഠിത വാഹൻ സോഫ്റ്റ് വെയർ പരീക്ഷണഘട്ടത്തിലാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച ശേഷം പരീക്ഷണരീതിയിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നെയ്യാറ്റിൻകരയിൽ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | സഞ്ചരിക്കുന്ന ആർ.റ്റി. ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ